**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1202** **12-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണതോതിൽ സജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് കാരണം മത്സ്യത്തൊഴിലാളികൾ എന്തെല്ലാം പ്രശ്നങ്ങളാണ് നേരിടുന്നത് എന്ന് വിശദമാക്കുമോ; | (ബി) | വാർഫിന്റെ ഉയരം കൂടുതലായതിനാൽ ചെറുവള്ളങ്ങൾക്ക് മത്സ്യം ഇറക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ചെറുവള്ള ങ്ങൾ അടുപ്പിക്കാൻ പ്രയാസം നേരിടുന്നതിനാലാണ് വടക്ക ഭാഗത്ത് ബീച്ച് ലാന്റിംഗ് നടത്തുന്നത്. |
| (സി) | പ്രസ്തുത തുറമുഖം പൂർണ്ണതോതിൽ സജ്ജമാക്കാൻ എന്തൊക്കെ അടിസ്ഥാന ഭൗതിക സൗകര്യങ്ങളാണ് ആവശ്യമുള്ളത് എന്നറിയിക്കാമോ; | (സി) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിനായി തുറമുഖത്തിന്റെ ഇരുവശത്തായി 50 മീറ്റർ നീളത്തിലുള്ള ലോലെവൽ ജെട്ടി, അല്ലെങ്കിൽ ഫ്ലോട്ടിംഗ് ജെട്ടി എന്നിവ നിർമ്മിക്കേണ്ടതാണ്. ഹാർബറിന്റെ വടക്ക് ഭാഗത്തായി പാർക്കിംഗ് ഏരിയ, ആക്ഷൻ ഹാൾ, ടോയ്‌ലറ്റ് ബ്ലോക്ക്, റെസ്റ്റ് ഷെഡ്, കിണർ, വാട്ടർ ടാങ്ക് എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് ആവശ്യമുള്ളത്. |
| (ഡി) | ഇത് ഒരുക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ഡി) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിനായി ബ്രേക്ക്‌വാട്ടർ ഉൾപ്പെടെ 5430 ലക്ഷം രൂപയുടെ പൂർണ്ണരൂപത്തിലുള്ള എസ്റ്റിമേറ്റ് ഡി.പി.ആർ സഹിതം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയെങ്കിലും നബാർഡ് പദ്ധതിയിൽ ഉൾപ്പെട്ടില്ല. |
| (ഇ) | പ്രസ്തുത തുറമുഖം പൂർണ്ണതോതിൽ സജ്ജമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ, പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കുമോ? | (ഇ) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി തുറമുഖത്തിന്റെ ഇരുവശത്തായി 50 മീറ്റർ നീളത്തിലുള്ള ലോലെവൽ ജെട്ടി, ഹാർബറിന്റെ വടക്ക് ഭാഗത്തായി പാർക്കിംഗ് ഏരിയ, ആക്ഷൻ ഹാൾ എന്നിവയുടെ നിർമ്മാണത്തിനായി 615 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ 06/08/2022 തീയതിയിലെ വർക്കിംഗ് |

| | | | |
|---|---|---|---|
| | | | ഗ്രൂപ്പിൽ പരിഗണിച്ചു. എന്നാൽ ലോലെവൽ ജെട്ടി, പാർക്കിംഗ് ഏരിയ എന്നിവ നിലവിലുള്ളതിനാൽ നടപ്പ് സാമ്പത്തിക (2023-24) വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷൻ അനുസരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുവാൻ എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.<br><br>മത്സ്യത്തൊഴിലാളികളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് ഹാർബറിന്റെ വടക്ക് വശത്തായി മറ്റൊരു ലോലെവൽ ജെട്ടി, പാർക്കിംഗ് ഏരിയ, ആക്ഷൻ ഹാൾ, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ബേസിൻ ഡ്രെഡ്ജ് ചെയ്യുന്നതിനായി 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2300 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് ഉൾപ്പെടുത്തി അംഗീകാരത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നു വെങ്കിലും ടി പദ്ധതി നബാർഡിൽ നിന്നും അംഗീകാരം ലഭ്യമായിട്ടില്ല. ടി പദ്ധതിക്ക് അംഗീകാരം ലഭ്യമാകാത്ത സാഹചര്യ ത്തിൽ ബ്രേക്ക് വാട്ടർ ഉൾപ്പെടെ പൂർണ്ണ രൂപത്തിലുള്ള 5430 ലക്ഷം രൂപയുടെ പൂർണ്ണരൂപത്തിലുള്ള എസ്റ്റിമേറ്റ് ഡി.പി.ആർ സഹിതം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയെങ്കിലും നബാർഡ് പദ്ധതിയിൽ ഉൾപ്പെട്ടില്ല. |

സെക്ഷൻ ഓഫീസർ